പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1618 04/10/2016 ൽ

മറുപടിക്ക്

<u>കയറുൽപ്പന്നങ്ങളുടെ ഗുണമേന്മ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | ഡോ. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| എ) | കയറുൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് കയർഫെഡ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | കയർഫെഡ് അംഗസംഘങ്ങൾക്ക് ഓർഡർ നൽകി മാത്രമാണ് കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. അംഗസംഘങ്ങൾക്ക് ടി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയേറിയ കയർ കയർഫെഡ് തന്നെ നൽകുന്നു. വ്യക്തമായ സ്പെസിഫിക്കേഷനുള്ള ഉൽപ്പന്നങ്ങൾ മാത്രമേ കയർഫെഡ് ഉൽപ്പാദിപ്പിക്കുന്നുള്ളു. കർശനമായ ഗുണമേന്മാ പരിശോധനയ്ക്ക് ഉൽപ്പന്നങ്ങളെ വിധേയമാക്കുന്നു. കയർബോർഡിന്റെ കയർമാർക്ക് ഇൻസ്പെക്ഷനും ഉൽപ്പന്നങ്ങളെ വിധേയമാക്കുന്നു. |
| ബി) | 2016-ലെ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും അതുവഴി വിപണനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്നും വിശദമാക്കാമോ; | ബി) | ഓണക്കാലത്ത് വിപണി വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവർ പ്രദർശന വിപണന ശാലകൾ ആരംഭിക്കുകയു ണ്ടായി. ഉപഭോക്താവിനെ ആകർഷിക്കുന്നതിനായി ഡിസ്ക്കൌണ്ട്, സമ്മാന പദ്ധതി, ഉൽപ്പന്നങ്ങളോടൊപ്പം കോംപ്ലിമെന്റ് എന്നിവയും ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീമുകൾ, സമ്മാനങ്ങൾ എന്നിവയും ഷോറൂം ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | കയർ വ്യവസായത്തിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് | സി) | ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് വിപണിയിൽ എത്തിക്കുന്നതിന് ഉൽപ്പന്നത്തിന്റെ |

| | | | |
|---|---|---|---|
| | നടപ്പിലാക്കിവരുന്നത് വിശദമാക്കുമോ; | | പാക്കിംഗും ലേബലിംഗും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും, തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഹാന്റ്ലിംഗ് എക്വിപ്മെന്റ്സ് സ്ഥാപിക്കുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി ജോലി ചെയ്യുന്ന സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടികൾ കയർ വ്യവസായത്തിൽ ഭാഗീക യന്ത്രവത്ക്കരണം എന്ന പദ്ധതിയിലൂടെ സ്വീകരിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ എല്ലാ നിയന്ത്രണങ്ങളും നീക്കി പൂർണ്ണതോതിലുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത് |
| ഡി) | കയർ മേഖലയിലെ സംരംഭകരെ സംരക്ഷിക്കുന്നതിനും കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ? | ഡി) | സബ്സിഡി സ്കീമുകൾ, ഇൻസെന്റീവ് സ്കീമുകൾ എന്നിവ നടപ്പിലാക്കി വരുന്നു. സ്വകാര്യ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന കയർ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി കയർഫെഡ് സംഭരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ